ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1140

# സൂറ – 39 / അസ്സുമർ

## സൂക്തം: 56 – 64

ഭാഷയിൽ 'ജാഹിൽ' അറിവില്ലാത്തവനാണ്. ഖുർആന്റെ വീക്ഷണത്തിൽ ജാഹിൽ അറിവില്ലാത്തവൻ മാത്രമല്ല, അറിവും ബുദ്ധിയും പ്രയോജനപ്പെടുത്തേണ്ട വിധം പ്രയോജനപ്പെടുത്താതെ വികാരങ്ങൾക്കും ആസക്തികൾക്കും അടിപ്പെട്ടു വർത്തിക്കുന്ന അവിവേകിയും ജാഹിൽ ആകുന്നു. അത്തരം ആളുകൾ എത്ര ഉയർന്ന വിദ്യാഭ്യാസം സിദ്ധിച്ചവരും ധിഷണാ ശാലികളും ആണെങ്കിലും ആത്മീയ ഭാഷയിൽ അജ്ഞരാണ്.

أَن تَقُولَ نَفْسٌ يَا حَسْرَتَىٰ عَلَىٰ مَا فَرَّطتُ فِي جَنبِ اللَّهِ وَإِن كُنتُ لَمِنَ السَّاخِرِينَ ﴿٥٦﴾

56. 'ഹാ കഷ്ടം! അല്ലാഹുവിനോടുള്ള ഉത്തരവാദിത്തം പാലിക്കുന്നതിൽ ഞാൻ വൻ വീഴ്ച വരുത്തിയല്ലോ, ഞാനതിനെ പരിഹസിക്കുന്നവരുടെ കൂട്ടത്തിലായിരുന്നുവല്ലോ' എന്ന് ഒരാത്മാവും വിലപിക്കാനിടയാകാതിരിക്കാൻ,

أَوْ تَقُولَ لَوْ أَنَّ اللَّهَ هَدَانِي لَكُنتُ مِنَ الْمُتَّقِينَ ﴿٥٧﴾

57. അല്ലെങ്കിൽ അല്ലാഹു സന്മാർഗദർശനമരുളിയിരുന്നുവെങ്കിൽ ഞാനും ദൈവഭക്തന്മാരുടെ ഗണത്തിലാകുമായിരുന്നുവല്ലോ എന്ന് പരാതിപ്പെടാതിരിക്കാൻ.

أَوْ تَقُولَ حِينَ تَرَى الْعَذَابَ لَوْ أَنَّ لِي كَرَّةً فَأَكُونَ مِنَ الْمُحْسِنِينَ ﴿٥٨﴾

58. അല്ലെങ്കിൽ ശിക്ഷ നേരിൽ കാണുമ്പോൾ എനിക്ക് ഒരു തവണ കൂടി ഭൗതിക ജീവിതം ലഭിക്കുകയാണെങ്കിൽ, അപ്പോൾ ഞാൻ സജ്ജനഗണത്തിൽ ചേർന്നു കൊള്ളാം എന്നു കേഴാനിടയാകാതിരിക്കാൻ.

بَلَىٰ قَدْ جَاءَتْكَ آيَاتِي فَكَذَّبْتَ بِهَا وَاسْتَكْبَرْتَ وَكُنتَ مِنَ الْكَافِرِينَ ﴿٥٩﴾

59. സത്യം അതല്ല. എന്റെ സന്മാർഗ സൂക്തങ്ങൾ തീർച്ചയായും നിനക്ക് ലഭിച്ചിട്ടുണ്ട്. നീ അതിനെ തള്ളിപ്പറഞ്ഞ് അഹങ്കരിക്കുകയായിരുന്നു. നീ തികഞ്ഞ സത്യനിഷേധിയായിരുന്നു.

### 56-59

أَن تَقُولَ نَفْسٌ = ഒരാത്മാവ് (ും) പറയുന്നതിന് (വിലപിക്കാനിടയാകാതിരിക്കാൻ)

يَا حَسْرَتَا = എന്റെ ഖേദമേ (ഹാ കഷ്ടം!) عَلَىٰ مَا فَرَّطتُ = ഞാൻ അലംഭാവം കാട്ടിയതിന്മേൽ, വീഴ്ച വരുത്തിയതിന്മേൽ

فِي جَنبِ اللَّهِ = അല്ലാഹുവിന്റെ ഭാഗത്തിൽ (അല്ലാഹുവിനോടുള്ള ഉത്തരവാദിത്തം പാലിക്കുന്നതിൽ)

وَإِن كُنتُ لَمِنَ السَّاخِرِينَ = തീർച്ചയായും ഞാൻ പരിഹസിക്കുന്നവരിൽ (വരുടെ കൂട്ടത്തിൽ) പെട്ടവനായിരുന്നു (വല്ലോ എന്ന്)

أَوْ تَقُولَ = അല്ലെങ്കിൽ പറയുന്നതിന് (പരാതിപ്പെടാതിരിക്കാൻ)

لَوْ أَنَّ اللَّهَ هَدَانِي = അല്ലാഹു എനിക്ക് സന്മാർഗദർശനമരുളിയിരുന്നുവെങ്കിൽ

لَكُنتُ مِنَ الْمُتَّقِينَ = തീർച്ചയായും ഞാൻ ദൈവഭക്തന്മാരിൽ പെട്ടവൻ (രുടെ ഗണത്തിലാകുമായിരുന്നു)

أَوْ تَقُولَ = അല്ലെങ്കിൽ പറയുന്നതിന് (കേഴാനിടയാകാതിരിക്കാൻ) حِينَ تَرَى الْعَذَابَ = ശിക്ഷ (നേരിൽ) കാണുമ്പോൾ

لَوْ أَنَّ لِي كَرَّةً = എനിക്ക് ഒരു മടക്കമുണ്ടെങ്കിൽ (ഒരു തവണ കൂടി ഭൗതിക ജീവിതം ലഭിക്കുകയാണെങ്കിൽ)
فَأَكُونَ مِنَ الْمُحْسِنِينَ = അപ്പോൾ ഞാൻ നന്മ ചെയ്യുന്നവരിൽപെട്ടവനാകാൻ (സജ്ജനത്തിൽ ചേർന്നു കൊള്ളാം)
بَلَىٰ = (സത്യം അത്) അല്ല قَدْ جَاءَتْكَ آيَاتِي = തീർച്ചയായും എന്റെ (സന്മാർഗ) സൂക്തങ്ങൾ നിനക്കു വന്നു (ലഭിച്ചിട്ടുണ്ട്)
فَكَذَّبْتَ بِهَا = അപ്പോൾ നീ അതിനെ തള്ളിപ്പറഞ്ഞു وَاسْتَكْبَرْتَ = നീ അഹങ്കരിക്കുക(യായിരുന്നു)യും ചെയ്തു
وَكُنتَ مِنَ الْكَافِرِينَ = നീ (തികഞ്ഞ) സത്യനിഷേധിയായിരുന്നു)

أَن تَقُولَ نَفْسٌ എന്ന വാക്കിനു മുമ്പ് മറ്റൊരു വാക്ക് അനുക്തമായിട്ടുണ്ട്. അത് മുൻ സൂക്തത്തിൽ പറഞ്ഞ مِّن قَبْلِ (മുമ്പ്) ആവാം. അതായത്, അല്ലാഹുവിലേക്ക് മടങ്ങാൻ മടിച്ച ആത്മാവ് വിലപിക്കേണ്ടി വരുന്ന സന്ദർഭം ഉണ്ടാകുന്നതിനു മുമ്പ്. അല്ലെങ്കിൽ അല്ലാഹു ഈ വിധം സുവിശേഷവും താക്കീതും നൽകുന്നത് എന്ന അർഥത്തിലുള്ള വാക്കുമാകാം. അന്ത്യനാളിൽ അല്ലാഹുവിന്റെ ശിക്ഷയിലകപ്പെട്ട് വിലപിക്കാതിരിക്കാൻ വേണ്ടിയാണ് അവൻ ഈ വിധമുള്ള സുവിശേഷവും താക്കീതും നൽകുന്നത് എന്നാകും അപ്പോൾ ആശയം. نَفْسٌ എന്ന സാമാന്യ നാമം ഉപയോഗിച്ചിരിക്കുന്നത് ശിക്ഷാർഹമാകുന്ന എല്ലാ ആത്മാക്കളെയും ഉദ്ദേശിച്ചാണ്. جَنبِ ഭാഷയിൽ വശം ആകുന്നു. അല്ലാഹുവിന്റെ വശത്തിൽ -فِي جَنبِ اللَّهِ- എന്നുപയോഗിച്ചിരിക്കുന്നത് അല്ലാഹുവിന്റെ കാര്യത്തിൽ അല്ലെങ്കിൽ അവനോടുള്ള ഉത്തരവാദിത്തത്തിൽ എന്ന അർഥത്തിലാണ്. മടക്കവും ആവർത്തനവും തവണയുമാണ് كَرَّةً. ഭൗതിക ജീവിതത്തിലേക്കുള്ള മടക്കമാണ് ഇവിടെ ഉദ്ദേശ്യം.

വചനസാരം: അന്ത്യനാളിൽ അല്ലാഹുവിന്റെ ശിക്ഷയിലകപ്പെട്ട് ഹാ കഷ്ടം! അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിൽ എനിക്ക് വൻ വീഴ്ച പറ്റിപ്പോയി, പ്രവാചകനിൽ വിശ്വസിച്ച് വേദസൂക്തങ്ങളെ അനുധാവനം ചെയ്യുന്ന സന്മാർഗികളെ പരിഹസിക്കുന്നവരുടെ കൂട്ടത്തിലായിരുന്നുവല്ലോ ഞാൻ എന്നു വിലപിക്കേണ്ടി വരുന്നതിനു മുമ്പ് ചെകുത്താനെ വെടിഞ്ഞ് അല്ലാഹുവിങ്കലേക്കു മടങ്ങുവിൻ. നിങ്ങൾ അങ്ങനെ വിലപിക്കാൻ ഇടയാകാതിരിക്കുന്നതിനു വേണ്ടിയാണ് അല്ലാഹു ഈ ഖുർആനിലൂടെ താക്കീതുകളും സുവിശേഷങ്ങളും നൽകുന്നത്; അല്ലെങ്കിൽ, അല്ലാഹു മാർഗദർശനമരുളിയിരുന്നുവെങ്കിൽ തീർച്ചയായും ഞാൻ ദൈവഭക്തനായിത്തീരുമായിരുന്നു എന്ന് അന്നത്തെ ശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി വാദിച്ചു നോക്കാനിടയാകുന്നതിനു മുമ്പ് അവനിലേക്കു മടങ്ങുവിൻ. പ്രവാചകന്റെ ആഗമനവും ഖുർആനിന്റെ അവതരണവും നിങ്ങളുടെ ആ വാദം തികഞ്ഞ കള്ളമാണെന്നു സാക്ഷ്യപ്പെടുത്തും. അല്ലെങ്കിൽ പൂർവ ജീവിതത്തിലെ ധർമധിക്കാരങ്ങൾക്ക് ഒരു ന്യായവും പറയാനാവാതെ, 'അല്ലാഹുവേ, ഞങ്ങളുടെ ആ ജീവിതം ദുർബലപ്പെടുത്തിയിട്ട് ഞങ്ങളെ വീണ്ടും ഭൗതിക ജീവിതത്തിലേക്ക് മടക്കിയയക്കണേ, ആ പുനർജന്മത്തിൽ ഞങ്ങൾ തികഞ്ഞ സന്മാർഗികളും സൽകർമികളുമായി ജീവിച്ചു കൊള്ളാം' എന്ന് കേഴാനിടവരുന്നതിനു മുമ്പ് അല്ലാഹുവിങ്കലേക്കു മടങ്ങുക. അങ്ങനെ കേണപേക്ഷിച്ചതുകൊണ്ട് അന്ന് ആർക്കും ഒരു ഗുണവുമുണ്ടാകില്ല. അത്തരം വ്യഥാവിലാപങ്ങൾക്കിടയാകാതിരിക്കാനുള്ള മുന്നറിയിപ്പാണ് ഈ ദൈവിക സന്ദേശം.

ഹേ, മനുഷ്യാ നിന്റെ ഈ വിലാപങ്ങളിലൊന്നും ഒരു കാര്യവുമില്ല. അല്ലാഹുവിനോടുള്ള ഉത്തരവാദിത്തം പാലിക്കുന്നതിൽ നിനക്ക് അബദ്ധത്തിൽ വീഴ്ച പറ്റുകയായിരുന്നില്ല. നിന്റെ തെറ്റുകൾ തിരുത്താൻ നിയുക്തനായ പ്രവാചകനെയും ദൈവിക സന്ദേശത്തെയും നീ ധിക്കാരപൂർവം തള്ളിക്കളയുകയും പരിഹസിക്കുകയുമായിരുന്നു. അല്ലാഹു സന്മാർഗദർശനം ചെയ്തിരുന്നുവെങ്കിൽ ദൈവഭക്തനാകുമായിരുന്നു എന്ന നിന്റെ വാദം കള്ളമാണ്. അല്ലാഹുവിങ്കൽനിന്നുള്ള സന്മാർഗ സൂക്തങ്ങൾ തീർച്ചയായും നിനക്കു ലഭിച്ചിരുന്നു. നിന്റെ ചുറ്റുവട്ടത്തും നിന്നിൽ തന്നെയും ദൈവിക ദൃഷ്ടാന്തങ്ങൾ ഏറെയുണ്ടായിരുന്നു. അതൊക്കെയും നീ ധാർഷ്ട്യത്തോടെ തള്ളിക്കളഞ്ഞു. നീ സ്വയം എല്ലാം തീരുമാനിക്കാൻ യോഗ്യനായ ഉന്നതനെന്ന് അഹങ്കരിച്ചു. നീ തികഞ്ഞ സത്യനിഷേധി -കാഫിർ- തന്നെയായിരുന്നു. നിങ്ങൾക്കാർക്കും ഇനിയൊരു ഭൗതിക ജീവിതം അനുവദിക്കുകയില്ല. ഇനിയൊരു ജന്മം കിട്ടുകയാണെങ്കിൽ നന്നായിക്കൊള്ളാമെന്നത് വെറും വായ്ത്താരിയാണ്. كَلَّا ۚ إِنَّهَا كَلِمَةٌ هُوَ قَائِلُهَا (അവൻ ഉരുവിടുന്ന വായ്ത്താരി മാത്രമാണത് -23:100). وَلَوْ رُدُّوا لَعَادُوا لِمَا نُهُوا (ഭൗതിക ജീവിതത്തിലേക്ക് തിരിച്ചയക്കപ്പെട്ടാലും നിരോധിക്കപ്പെട്ടതിലേക്കു തന്നെയാണവർ മടങ്ങുക -6:28). ●

---

وَيَوْمَ ٱلْقِيَٰمَةِ تَرَى ٱلَّذِينَ كَذَبُوا۟ عَلَى ٱللَّهِ وُجُوهُهُم مُّسْوَدَّةٌ ۚ أَلَيْسَ فِى جَهَنَّمَ مَثْوًى لِّلْمُتَكَبِّرِينَ ﴿٦٠﴾

60. എന്നാൽ അല്ലാഹുവിന്റെ പേരിൽ കള്ളം പറഞ്ഞവരുടെ മുഖങ്ങൾ ഉയിർത്തെഴുന്നേൽപ്പിൽ കറുത്തിരുണ്ടതായി കാണാം. അത്തരം അഹങ്കാരമൂർത്തികൾക്കുള്ള പാർപ്പിടം നരകത്തിൽ ഇല്ലയോ?!

وَيُنَجِّى ٱللَّهُ ٱلَّذِينَ ٱتَّقَوْا۟ بِمَفَازَتِهِمْ لَا يَمَسُّهُمُ ٱلسُّوٓءُ وَلَا هُمْ يَحْزَنُونَ ﴿٦١﴾

61. മറുവശത്ത് ഇഹലോകത്ത് ദൈവഭക്തരായി ജീവിച്ചവരെ, അവർ പ്രാപിച്ച വിജയം മൂലം അല്ലാഹു രക്ഷിക്കുന്നു. അന്നാളിലെ യാതൊരു തിന്മയും അവരെ ബാധിക്കുകയില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല.

**60,61**

وَيَوْمَ الْقِيَامَةِ تَرَى الَّذِينَ كَذَبُوا عَلَى اللَّهِ = എന്നാൽ ഉയിർത്തെഴുന്നേൽപു നാളിൽ അല്ലാഹുവിന്റെ പേരിൽ കള്ളം പറഞ്ഞവരെ നിനക്കു കാണാം

وُجُوهُهُم مُّسْوَدَّةٌ = അവരുടെ മുഖങ്ങൾ കറുത്ത് (ഇരുണ്ട)തായി  أَلَيْسَ فِي جَهَنَّمَ = നരകത്തിൽ ഇല്ലയോ
مَثْوًى لِّلْمُتَكَبِّرِينَ = അത്തരം അഹങ്കാരി(രമൂർത്തി)കൾക്കുള്ള പാർപ്പിടം
وَيُنَجِّي اللَّهُ = (മറുവശത്ത്) അല്ലാഹു രക്ഷിക്കുന്നു الَّذِينَ اتَّقَوْا = മുത്തഖികളായവരെ (ദൈവഭക്തരായി ജീവിച്ചവരെ)
بِمَفَازَتِهِمْ = അവരുടെ വിജയസ്ഥാനം കൊണ്ട് (അവർ പ്രാപിച്ച വിജയം മൂലം)
لَا يَمَسُّهُمُ = അവരെ സ്പർശിക്കു(ബാധിക്കു)കയില്ല السُّوءُ = (അന്നാളിലെ യാതൊരു) തിന്മ(യും)
وَلَا هُمْ يَحْزَنُونَ = അവർ ദുഃഖിക്കുന്നവരുമല്ല (ദുഃഖിക്കേണ്ടി വരികയുമില്ല)

ദൈവിക വിഷയത്തിൽ ഏതുതരം അസത്യം പറയുന്നവരെയും ഉൾക്കൊള്ളുന്ന വാക്കാണ് الَّذِينَ كَذَبُوا عَلَى اللَّهِ. അല്ലാഹുവിന്റെ ഏകത്വം നിഷേധിക്കുകയും ബഹുത്വം ആരോപിക്കുകയും ചെയ്യുന്നവർ, അവന് പുത്രകളത്രങ്ങളുണ്ടെന്നു വാദിക്കുന്നവർ, അവന്റെ അസ്തിത്വം നിഷേധിക്കുന്നവർ, ദൈവം ഉണ്ടായിരിക്കാം, പ്രപഞ്ച സ്രഷ്ടാവുമായിരിക്കാം പക്ഷേ നിലവിലുള്ള ഭൗതിക പ്രപഞ്ചവുമായി അവന് ബന്ധമൊന്നുമില്ല എന്നും അവനെ ഭയപ്പെടുകയോ ആരാധിക്കുകയോ ചെയ്യേണ്ടതില്ലെന്നും വാദിക്കുന്നവർ, ദൈവത്തിന്റെ പേരിൽ സ്വയംകൃത വിശ്വാസങ്ങളും ആചാരങ്ങളും പ്രചരിപ്പിക്കുന്നവർ മുതലുള്ളവരെല്ലാം അല്ലാഹുവിന്റെ പേരിൽ കള്ളം പറയുന്നവരിൽ പെടുന്നു. الَّذِينَ كَذَبُوا عَلَى اللَّهِ-യുടെ വിപരീതമാണ് الَّذِينَ اتَّقَوْا. വിജയപീഠവും നിർഭയ സ്ഥാനവുമാണ് مَفَازَة. വിജയത്തിന് فوز എന്നു പറയും. ഊഷര ഭൂമി എന്നൊരർഥവും مَفَازَة-ന് ഉണ്ട്. ആദ്യം പറഞ്ഞ അർഥത്തിലാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. بِمَفَازَة-ന് ചിലർ بفوزهم - 'അവരുടെ വിജയം കൊണ്ട്' എന്ന് അർഥം കൽപിച്ചിരിക്കുന്നു. ചിലർ في مفازتهم-അവരുടെ വിജയപീഠത്തിൽ- എന്നും. രണ്ടിന്റെയും സാരം ഒന്നുതന്നെയാണ്.

വചനസാരം: അല്ലാഹുവിനെ കുറിച്ച് കള്ളം കെട്ടിച്ചമച്ചുകൊണ്ട് സ്വന്തമായ ആദർശ-പ്രത്യയശാസ്ത്രങ്ങളുണ്ടാക്കുന്നവരും മതധർമങ്ങളും ആത്മീയ സിദ്ധാന്തങ്ങളും പ്രചരിപ്പിക്കുന്നവരും ഇന്ന് ബഹുകേമന്മാരും വിദ്വാന്മാരുമായി അഹങ്കരിക്കുകയും ആഹ്ലാദിക്കുകയും ചെയ്യുന്നുണ്ടല്ലോ. അവർക്കുവേണ്ടി ജനലക്ഷങ്ങൾ ജയ് വിളിക്കുകയും കൊടിപിടിക്കുകയും ചെയ്യുന്നു. ചില കള്ളന്മാർ ദൈവതുല്യരും മഹാ ജ്ഞാനയോഗികളുമായി ചമഞ്ഞ് ശിഷ്യഗണങ്ങളെ ആകർഷിക്കുന്നു. ഇഹപര ക്ഷേമത്തിന്റെയും മോക്ഷത്തിന്റെയും താക്കോലുകൾ അവരുടെ കൈവശമുണ്ടെന്നു ഭ്രമിക്കുന്ന വിഡ്ഢികൾ ആ ദൈവങ്ങളുടെ ദർശനത്തിനുവേണ്ടി എന്തും സമർപ്പിക്കാൻ സന്നദ്ധരായി വരിനിൽക്കുന്നു. പ്രശസ്തിയുടെയും ആരാധനയുടെയും വെള്ളിവെളിച്ചത്തിൽ തിളങ്ങുന്ന ഇക്കൂട്ടരുടെ മുഖങ്ങളെല്ലാം അന്ത്യനാളിൽ അപമാനഭാരത്താലും ശിക്ഷാഭയത്താലും കറുത്തിരുണ്ടതായി കാണാം. കത്തിക്കാളുന്ന നരകാഗ്നിയാണവരെ കാത്തിരിക്കുന്ന പാർപ്പിടം. അത്തരം അഹങ്കാരികൾക്ക് നരകത്തിൽ പാർപ്പിടമില്ലയോ എന്ന ചോദ്യത്തിന്റെ ധ്വനി, അവരുടെ പാർപ്പിടം നരകം തന്നെ എന്ന കാര്യം സുസമ്മതമാണല്ലോ എന്നാണ്. എന്നാൽ അല്ലാഹുവിന്റെ പേരിൽ കള്ളം പറയുന്ന അഹങ്കാരികളാകാതെ അവനോട് ഭയഭക്തി പുലർത്തുകയും അവന്റെ ശാസനകൾ സൂക്ഷ്മതയോടെ പാലിക്കുകയും ചെയ്തവർ അന്ന് വിജയപീഠമേറുന്നു. ആ വിജയത്തിന്റെ പേരിൽ അല്ലാഹു അവരെ ആ ദിവസത്തിന്റെ സകല ദൗഷ്ട്യങ്ങളിൽ നിന്നും സുരക്ഷിതരാക്കുന്നു. അന്നത്തെ ഭയവിഹ്വലതകളോ പീഡനങ്ങളോ അവരെ അശേഷം ബാധിക്കുകയില്ല. ഒട്ടും ദുഃഖിക്കേണ്ടി വരികയുമില്ല. ●

ٱللَّهُ خَٰلِقُ كُلِّ شَيْءٍ ۖ وَهُوَ عَلَىٰ كُلِّ شَيْءٍ وَكِيلٌ ٦٢

لَّهُۥ مَقَالِيدُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۗ وَٱلَّذِينَ كَفَرُوا۟ بِـَٔايَٰتِ
ٱللَّهِ أُو۟لَٰٓئِكَ هُمُ ٱلْخَٰسِرُونَ ٦٣

62. സകലതിന്റെയും സ്രഷ്ടാവ് അല്ലാഹു മാത്രമാകുന്നു. സകലതിന്റെയും കൈകാര്യകർത്താവും അവൻ തന്നെ.

63. ആകാശഭൂമികളിലെ ഖജനാവുകളുടെ താക്കോലുകളൊക്കെയും അവന്റെ കൈവശം തന്നെ. ദൈവിക സൂക്തങ്ങളെ നിഷേധിക്കുന്നവരുണ്ടല്ലോ, അവരത്രെ മഹാ നഷ്ടത്തിലകപ്പെട്ടവർ.

**62,63**

اللَّهُ خَالِقُ كُلِّ شَيْءٍ = എല്ലാ വസ്തുവിന്റെയും (സകലതിന്റെയും) സ്രഷ്ടാവ് അല്ലാഹു (മാത്രം) ആകുന്നു
وَهُوَ = അവൻ തന്നെ عَلَىٰ كُلِّ شَيْءٍ وَكِيلٌ = എല്ലാ വസ്തുവിന്മേലും (സകലതിന്റെയും) കൈകാര്യകർത്താവും
لَّهُ = അവന്റേത് (ന്റെ കൈവശം തന്നെ)
مَقَالِيدُ السَّمَاوَاتِ وَالْأَرْضِ = ആകാശഭൂമികളുടെ (ളിലെ ഖജനാവുകളുടെ) താക്കോലുകൾ ഒക്കെയും
وَالَّذِينَ كَفَرُوا بِآيَاتِ اللَّهِ = ദൈവിക സൂക്തങ്ങളെ നിഷേധിക്കുന്നവർ (ഉണ്ടല്ലോ)
أُولَٰئِكَ هُمُ = അവർ തന്നെയാകുന്നു (അവരത്രെ) الْخَاسِرُونَ = നഷ്ടപ്പെട്ടവർ (മഹാ നഷ്ടത്തിലകപ്പെട്ടവർ)

മുകളിൽ കൊടുത്ത പ്രഭാഷണത്തിന്റെ രത്നച്ചുരുക്കമാണീ സൂക്തങ്ങൾ. പ്രപഞ്ചമഖിലത്തിന്റെയും സ്രഷ്ടാവ് അല്ലാഹു മാത്രമാണ്. സൃഷ്ടിയിൽ ആരും അവന്റെ പങ്കാളിയോ സഹായിയോ ആയിട്ടില്ല. പ്രപഞ്ചത്തെ സൃഷ്ടിച്ച ശേഷം

അതിനെ പാട്ടിന് വിട്ട് അവന്‍ എവിടെയും പോയി മറഞ്ഞിട്ടുമില്ല. അന്നും ഇന്നും എന്നും അത് പ്രവര്‍ത്തിപ്പിക്കുന്നതും ഭരിക്കുന്നതും അവന്‍ തന്നെയാണ്. അതിന്റെ നിയന്ത്രണം മറ്റാര്‍ക്കും ഏല്‍പിച്ചുകൊടുത്തിട്ടില്ല. സൃഷ്ടികള്‍ തങ്ങളെ അവനു മാത്രം സമര്‍പ്പിക്കേണ്ടതാണ്. അവരുടെ സമര്‍പ്പണവും ആശ്രിതത്വവും അര്‍ഹിക്കുന്ന മറ്റൊരു ശക്തിയുമില്ല. കാരണം ആകാശഭൂമികളിലെ സകല ഖജനാവുകളുടെയും താക്കോലുകള്‍ അവന്റെ കൈവശമാണ്. അവന്നു മാത്രമേ അത് തുറന്നു തരാനാകൂ. ഈ യാഥാര്‍ഥ്യം ബോധ്യപ്പെടുത്തുന്ന പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളെയും ദൈവിക സൂക്തങ്ങളെയും നിഷേധിക്കുന്നവര്‍ ജീവിതം നഷ്ടപ്പെടുത്തിയതിന്റെ തിക്തഫലം അനുഭവിക്കുക തന്നെ ചെയ്യും. ●

قُلْ أَفَغَيْرَ ٱللَّهِ تَأْمُرُوٓنِّيٓ أَعْبُدُ أَيُّهَا ٱلْجَٰهِلُونَ ﴿٦٤﴾

64. പ്രവാചകന്‍ ഈ ജനത്തോടു ചോദിക്കുക: ഞാന്‍ സാക്ഷാല്‍ സത്യദൈവമല്ലാത്തതിനെ ആരാധിക്കണമെന്ന് ഇനിയും നിങ്ങളെന്നോട് ആവശ്യപ്പെടുകയാണോ ഓ, അവിവേകികളേ.

**64**

قُلْ = നീ പറയുക (പ്രവാചകന്‍ ഈ ജനത്തോടു ചോദിക്കുക) أَفَغَيْرَ اللَّهِ = ഇനിയും അല്ലാഹുവല്ലാത്തതിനെ

تَأْمُرُونِّي أَعْبُدُ = ഞാന്‍ ആരാധി(ക്കണമെന്ന്)ക്കാന്‍ നിങ്ങള്‍ എന്നോട് ആവശ്യപ്പെടുകയാണോ

أَيُّهَا الْجَاهِلُونَ = ഓ, അജ്ഞാനികളേ, അവിവേകികളേ

تَأْمُرُونِّي-യുടെ അസല്‍ രൂപം تَأْمُرُونَنِي എന്നാണ്. പ്രഥമ പുരുഷ ബഹുവചനത്തിലെ 'നൂനി'നെ ഉത്തമപുരുഷ സൂചകമായ 'നീ'(نِي)യില്‍ ലയിപ്പിച്ച (ادغام) രൂപമാണ് تَأْمُرُونِّي.

ഭാഷയില്‍ 'ജാഹില്‍' അറിവില്ലാത്തവനാണ്. ഖുര്‍ആന്റെ വീക്ഷണത്തില്‍ ജാഹില്‍ അറിവില്ലാത്തവന്‍ മാത്രമല്ല, അറിവും ബുദ്ധിയും പ്രയോജനപ്പെടുത്തേണ്ട വിധം പ്രയോജനപ്പെടുത്താതെ വികാരങ്ങള്‍ക്കും ആസക്തികള്‍ക്കും അടിപ്പെട്ടു വര്‍ത്തിക്കുന്ന അവിവേകിയും ജാഹില്‍ ആകുന്നു. അത്തരം ആളുകള്‍ എത്ര ഉയര്‍ന്ന വിദ്യാഭ്യാസം സിദ്ധിച്ചവരും ധിഷണാശാലികളും ആണെങ്കിലും ആത്മീയ ഭാഷയില്‍ അജ്ഞരാണ്. ബുദ്ധിയും വിജ്ഞാനവും പ്രഥമമായും പ്രധാനമായും പ്രയോജനപ്പെടേണ്ടത് താന്‍ ആരാണ്, എവിടെനിന്നു വരുന്നു, എങ്ങോട്ടു പോകുന്നു, ജീവിതത്തിന്റെ അര്‍ഥവും ലക്ഷ്യവും എന്ത് എന്നൊക്കെ മനസ്സിലാക്കാനാണ്. ഭൗതിക ശാസ്ത്രത്തിലോ ആരോഗ്യ ശാസ്ത്രത്തിലോ സാമ്പത്തിക ശാസ്ത്രത്തിലോ ഒക്കെ പ്രഗത്ഭനായ ഒരാള്‍ തന്റെ ബുദ്ധിയെയും വിജ്ഞാനത്തെയും ഇപ്പറഞ്ഞ കാര്യങ്ങളിലേക്ക് ഒട്ടും തിരിക്കുന്നില്ലെങ്കില്‍ ആത്മീയമായി അയാള്‍ അജ്ഞനും അവിവേകിയും തന്നെയാകുന്നു. മറിച്ച് നിരക്ഷരനായ ഒരു പാമരന്‍ താന്‍ ആരാണെന്നും എന്താണ് തന്റെ ജീവിതത്തിന്റെ അര്‍ഥവും ലക്ഷ്യവും എന്നും മനസ്സിലാക്കുന്നുവെങ്കില്‍ വിദ്വാനാണയാള്‍. അക്ഷരജ്ഞാനമില്ലാത്ത എത്രയോ മഹാമനീഷികള്‍ ലോകത്ത് കഴിഞ്ഞു പോയിട്ടുണ്ട്. അന്ത്യപ്രവാചകന്‍ മുഹമ്മദ് (സ) തന്നെ നിരക്ഷരനായിരുന്നുവല്ലോ. മനുഷ്യന് സ്വയം കണ്ടെത്താന്‍ പാണ്ഡിത്യം അനിവാര്യമല്ല, കളങ്കമില്ലാത്ത മനസ്സും സാമാന്യ ബുദ്ധിയും മതിയാകും. ബുദ്ധിയുടെയും ചിന്തയുടെയും കടിഞ്ഞാണ്‍ ജഢികേഛകള്‍ക്കും ആസക്തികള്‍ക്കും മുന്‍വിധികള്‍ക്കും പക്ഷപാതിത്വങ്ങള്‍ക്കും ഏല്‍പിച്ചുകൊടുത്താല്‍ അവ തെളിക്കുന്ന ദിശയിലേക്കേ ബുദ്ധിയും വിജ്ഞാനവും സഞ്ചരിക്കൂ. ഈ സൂക്തം 'അല്ലയോ അജ്ഞാനികളേ' എന്നു സംബോധന ചെയ്യുന്നത് ഒന്നാംതരം വ്യാപാരവിദഗ്ധരും രാഷ്ട്രതന്ത്രജ്ഞരും യുദ്ധനിപുണരും ചരിത്രവിദ്വാന്മാരുമൊക്കെ ആയിരുന്ന ഖുറൈശി പ്രമുഖരെയാണ്. പക്ഷേ, അവരുടെ മുഴു ശ്രദ്ധയും ഇപ്പോള്‍ അനുഭവിച്ചുവരുന്ന സാമ്പത്തികാനുകൂല്യങ്ങളും സ്ഥാനമാനങ്ങളും നിലനിര്‍ത്തുകയും വികസിപ്പിക്കുകയും ചെയ്യുന്നതിലായിരുന്നു. നിലവിലുള്ള വിഗ്രഹാരാധനയും ബഹുദൈവ വിശ്വാസവുമാണ് അതിനു സഹായകമെന്നും അതില്‍നിന്ന് വ്യതിചലിക്കുന്നത് തങ്ങളുടെ സാമ്പത്തിക-രാഷ്ട്രീയ താല്‍പര്യങ്ങള്‍ക്കു ദോഷകരമാണെന്നും അവര്‍ കരുതി. ആ വ്യവസ്ഥിതിയെ ചോദ്യം ചെയ്തുകൊണ്ട് രംഗത്തുവന്ന പ്രവാചകനെ പല്ലും നഖവും ഉപയോഗിച്ച് എതിര്‍ത്തു. അവരെ കുഴക്കുന്ന രണ്ടു പ്രശ്നങ്ങളുണ്ടായിരുന്നു: 1) എത്രയൊക്കെ എതിര്‍പ്പുയര്‍ത്തിയിട്ടും മുഹമ്മദി(സ)ന്റെ ശിഷ്യന്മാര്‍ ദിനേന വര്‍ധിച്ചുവരികയാണ്. ഈ വര്‍ധനവാകട്ടെ, തങ്ങളുടെ കുടുംബങ്ങളില്‍നിന്ന് ചോര്‍ന്നുപോകുന്നവരിലൂടെയാണ് താനും. 2) മുഹമ്മദ് ഉന്നയിക്കുന്ന തത്ത്വങ്ങളെ ബൗദ്ധികമായും വൈജ്ഞാനികമായും തകര്‍ക്കാന്‍ തങ്ങള്‍ക്കെന്നല്ല, ആര്‍ക്കും കഴിയില്ല.

ഈ സാഹചര്യത്തില്‍ മുഹമ്മദു(സ)മായി ഒരൊത്തുതീര്‍പ്പുണ്ടാക്കുകയാണ് കരണീയമെന്ന് അവര്‍ക്കു തോന്നി. അദ്ദേഹം തന്റെ ആദര്‍ശത്തില്‍ കുറച്ച് നീക്കുപോക്കുകള്‍ വരുത്തിയാല്‍ തങ്ങളുടെ നിലപാടിലും കുറേ വിട്ടുവീഴ്ചകള്‍ ചെയ്യാം. അങ്ങനെ സംഘര്‍ഷമൊഴിവാക്കി രമ്യതയില്‍ നീങ്ങാം. ഇതേക്കുറിച്ച് 68:9-ല്‍ وَدُّوا لَوْ تُدْهِنُ فَيُدْهِنُونَ- 'നീ മയപ്പെടുകയാണെങ്കില്‍ അവര്‍ക്കും മയപ്പെടാമെന്ന് അവരാഗ്രഹിച്ചു'- എന്നു പറയുന്നുണ്ട്. ഈ ലക്ഷ്യത്തോടെ അവര്‍ പ്രവാചകനു മുമ്പില്‍ ചില നിര്‍ദേശങ്ങള്‍ വെച്ചു. അതില്‍ ഒന്ന് ഇങ്ങനെയായിരുന്നു: മുഹമ്മദിനും കൂട്ടര്‍ക്കും അവര്‍ വിശ്വസിക്കുന്ന ഏകദൈവത്തെ ആരാധിക്കാം, ഞങ്ങളതു തടയുകയില്ല, ഞങ്ങള്‍ ആരാധിക്കുന്ന വിഗ്രഹങ്ങളെയും അവര്‍ ദൈവങ്ങളായി അംഗീകരിക്കുകയും ആരാധിക്കുകയും ചെയ്യണം. ചുരുങ്ങിയ പക്ഷം ആ ദൈവങ്ങളെയും അവയെ ആരാധിക്കുന്നതിനെയും വിമര്‍ശിക്കാന്‍ പാടില്ല. എങ്കില്‍ ഞങ്ങള്‍ മുസ്‌ലിംകളോടുള്ള ശത്രുതയും മര്‍ദന നടപടികളും അവസാനിപ്പിക്കാം. അങ്ങനെ ഇരു കൂട്ടര്‍ക്കും സൗഹാര്‍ദപരമായി സഹവര്‍ത്തിക്കാം. മറ്റൊരു നിര്‍ദേശം ഇങ്ങനെ: ഒരാണ്ടു കാലം ഞങ്ങളും നിങ്ങളും വിഗ്രഹങ്ങളെ ആരാധിക്കുക. അടുത്ത ആണ്ട് എല്ലാവരും ഏകദൈവത്തെ ആരാധിക്കുക. ഇങ്ങനെ പരസ്പര വിരോധം ഒഴിവാക്കാം. ചിലര്‍ തങ്ങളുടെ ദൈവങ്ങളുടെ ശാപവും ശിക്ഷയും പറഞ്ഞ് പ്രവാചകനെ പേടിപ്പിക്കാന്‍ ശ്രമിച്ചത് നേരത്തേ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

മുന്‍സൂക്തങ്ങളില്‍ അല്ലാഹുവാണ് സകല ചരാചരങ്ങളുടെയും സ്രഷ്ടാവും കൈകാര്യകര്‍ത്താവും പ്രാപഞ്ചിക ഖജനാവുകളുടെ സാക്ഷാല്‍ സൂക്ഷിപ്പുകാരനും എന്ന് സുവ്യക്തമായ തെളിവുകളും സാക്ഷ്യങ്ങളും നിരത്തി സ്ഥാപിച്ചിട്ടും, ഹേ, വിവരം കെട്ട അവിവേകികളേ ഏകദൈവ ആദര്‍ശം പ്രബോധനം ചെയ്യുന്ന ഞാന്‍ ബഹുദൈവങ്ങളെ ആരാധിക്കണമെന്നാവശ്യപ്പെടുകയാണോ നിങ്ങള്‍ എന്നാണ് വചനസാരം. ●